## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കുളങ്ങൾ വൃത്തിയാക്കുന്നത് - പമ്പ് സെറ്റ് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

### തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**സ.ഉ.(സാധാ)നം.1661/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി, 19/6/2012**

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം:- എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 14.03.2012 -ലെ 3914/ ഇ.ജി.എസ്-2/12/സി.ആർ.ഡി. നമ്പർ കത്ത്.

### <u>ഉത്തരവ്</u>

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തി ഉപയോഗശൂന്യമായ കുളങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി മലിനജലം വറ്റിച്ചെടുക്കുന്നതിന് ഓയിൽ/മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന പമ്പുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് തൃശ്ശൂർ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും തൊഴിലുറപ്പുനിയമം പട്ടിക 1 പ്രകാരം കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണ/പുനരുദ്ധാരണ പ്രവൃത്തികൾ അനുവദനീയമാണെന്നും എന്നാൽ പദ്ധതിയിൽ യന്ത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ നിരോധിച്ചിട്ടുള്ളതിനാൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മാത്രം പമ്പ് സെറ്റുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽ കുളങ്ങൾ വൃത്തിയാക്കുന്ന പ്രവൃത്തി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി വെള്ളം വറ്റിച്ചെടുക്കുന്ന പ്രവൃത്തി എസ്റ്റിമേറ്റിലുൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അവിദഗ്ദ്ധ കായികാദ്ധ്വാനത്തിലൂടെ ഈ പ്രവർത്തനം നടത്താൻ കഴിയില്ലായെന്നും പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നത് അനിവാര്യമാണെന്നുമുള്ള പഞ്ചായത്ത് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പമ്പ് ഉപയോഗിക്കുന്നതിന് അനുവാദം നൽകാൻ പാടുള്ളു. കഴിയുന്നതും പഞ്ചായത്തിന്റെയോ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള പമ്പ് ഉപയോഗിക്കേണ്ടതാണ്. പഞ്ചായത്തിന്റെയോ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ ഉപയോഗയോഗ്യമായ പമ്പില്ലായെ സെക്രട്ടറി/ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്നിവരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വാടകയ്ക്ക് എടുക്കുന്ന കാര്യം പരിഗണിക്കേണ്ടതുള്ളു. ഇന്ധനചെലവ്/ വാടക പൊതുമരാമത്ത് വകുപ്പിലെ അംഗീകൃത നിരക്കിന്റെ പരിധിയ്ക്ക് വിധേയമായി തൊഴിലുറപ്പ് പദ്ധതിയുടെ സാധനഘടകത്തിൽ ഉൾപ്പെടുത്തി നല്കാവുന്നതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്ല പദ്ധതിയിലുൾപ്പെടുത്തി ഉപയോഗശൂന്യമായ കുളങ്ങൾ പുനരുദ്ധരിയ്ക്കുന്നതിന്റെ ഭാഗമായി മലിനജലം വറ്റിയ്ക്കുന്നതിന് ഓയിൽ/മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന പമ്പുകൾ ഉപയോഗിക്കുന്നതിന് മുകളിൽ പരാമർശിച്ച നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ജി. ശിവപ്രസാദ്,**
**അഡീഷണൽ സെക്രട്ടറി**

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
5. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(സർക്കാറിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ